പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 286

# 2009-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2009

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്, 2009.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 286

# 2009-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ

644/2009.

# 2009-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ

2007-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.— 2007-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ആക്റ്റ് താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2009-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2005 ആഗസ്റ്റ് 24-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 3-ാം വകുപ്പിന്റെ ഭേദഗതി.—2007-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ആക്റ്റിലെ (2007-ലെ 7) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), 3-ാം വകുപ്പിന്റെ,—

(എ) (2)-ാം ഉപവകുപ്പിന്റെ (iii)-ാം ഇനത്തിൽ, "മുഖേന ലഭിക്കുന്ന" എന്ന വാക്കുകൾക്കുശേഷം "വിഹിതമോ" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ബി) (4)-ാം ഉപവകുപ്പിൽ,—

(i) (എ) ഖണ്ഡത്തിൽ,—

(എ) "പത്തു വർഷമെങ്കിലും പ്രാഥമിക ക്ഷീര സഹകരണ സംഘത്തിൽ പാൽ അളക്കുകയും" എന്ന വാക്കുകൾക്ക് പകരം,"അഞ്ച് വർഷമെങ്കിലും കുറഞ്ഞത് അഞ്ഞൂറ് ലിറ്റർ പാൽ പ്രതിവർഷം സംഘത്തിൽ അളക്കുകയും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(ബി) "(നിലവിൽ ക്ഷേമനിധിയിൽ അംഗമായി പെൻഷനോ മറ്റാനുകൂല്യങ്ങളോ ലഭിച്ചുകൊണ്ടിരിക്കുന്നവർക്ക് ഈ വ്യവസ്ഥ ബാധകമല്ല)" എന്ന വാക്കുകളും ബ്രാക്കറ്റുകളും ഒഴിവാക്കേണ്ടതും, ആണ്;

KNPP. 644/2009.

(ii) (ബി) ഖണ്ഡത്തിനും അതിന്റെ ക്ലിപ്ത നിബന്ധനയ്ക്കും പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ബി) ക്ഷേമനിധിയിൽ അംഗമായശേഷം അഞ്ചുവർഷമെങ്കിലും കുറഞ്ഞത് അഞ്ഞൂറ് ലിറ്റർ പാൽ പ്രതിവർഷം സംഘത്തിൽ അളക്കുകയും അറുപത് വയസ്സ് പൂർത്തിയാവുകയും ചെയ്ത അംഗങ്ങൾക്ക് പെൻഷൻ നൽകുന്നതിന് :

എന്നാൽ, 2007-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ആക്റ്റ് (2007-ലെ 7) പ്രസിദ്ധപ്പെടുത്തുന്ന തീയതിക്കുമുമ്പായി ക്ഷേമനിധിയിൽ അംഗമായ ഏതൊരാളിനും, അയാൾ സംഘത്തിൽ അംഗമായി പത്തുവർഷമെങ്കിലും കുറഞ്ഞത് അഞ്ഞൂറ് ലിറ്റർ പാൽ പ്രതിവർഷം സംഘത്തിൽ അളക്കുകയും അറുപത് വയസ്സ് പൂർത്തിയാക്കുകയും ചെയ്താൽ, പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്;";

(സി) (6)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(7) (4)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു അംഗം ഈ ആക്റ്റോ പദ്ധതിയോ പ്രകാരം ആനുകൂല്യം ലഭിക്കേണ്ട കുറഞ്ഞ കാലയളവിനുള്ളിൽ മരണപ്പെടുന്ന സംഗതിയിൽ, ആ അംഗത്തിന്റെ അനന്തരാവകാശി ക്ഷേമനിധിയിൽ അംഗമായി തുടർന്നും പാൽ അളക്കുന്നുവെങ്കിൽ, മരണപ്പെട്ട അംഗം പാൽ അളന്ന കാലയളവ് കൂടി, അനന്തരാവകാശിയായ അംഗത്തിന്, ആക്റ്റോ പദ്ധതിയോ കൊണ്ടുള്ള ആനുകൂല്യം ലഭിക്കുന്നതിന് പരിഗണിക്കേണ്ടതാണ്.".

3. 4-ാം വകുപ്പിന്റെ ഭേദഗതി.— പ്രധാന ആക്റ്റിലെ 4-ാം വകുപ്പിലെ (1)-ാം ഉപവകുപ്പിൻ കീഴിലുള്ള വിശദീകരണം വിട്ടുകളയേണ്ടതാണ്.

4. 11-ാം വകുപ്പിന്റെ ഭേദഗതി.— പ്രധാന ആക്റ്റിലെ 11-ാം വകുപ്പിൽ, (3)-ാം ഉപവകുപ്പിൽ "നിയമിക്കപ്പെട്ട ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടേയും, മറ്റ് ഉദ്യോഗസ്ഥന്മാരുടേയും" എന്ന വാക്കുകൾക്ക് പകരം, "നിയമിക്കുന്ന ഉദ്യോഗസ്ഥന്മാരുടേയും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

5. 13-ാം വകുപ്പിന്റെ ഭേദഗതി.— പ്രധാന ആക്റ്റിലെ 13-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിനുപകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) (1)-ാം ഉപവകുപ്പിൽ പറയുന്ന ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ അംശദായം അടയ്ക്കുന്നതിൽ കുടിശ്ശിക വരുത്തുകയാണെങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥനിൽ നിന്നും ഭൂമിയിന്മേലുള്ള പൊതുകര കുടിശ്ശിക എന്നപോലെ പ്രസ്തുത തുക പലിശസഹിതം വസൂലാക്കാവുന്നതാണ്."

## ഉദ്ദേശകാരണങ്ങളുടെ വിവരണം

കേരള ക്ഷീരകർഷക ക്ഷേമനിധിയിൽ ഇപ്പോൾ അംഗത്വമുള്ള ക്ഷീരകർഷകരിൽ ഭൂരിപക്ഷം പേരും 2007-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ആക്റ്റ് (2007-ലെ 7) പ്രസിദ്ധപ്പെടുത്തുന്ന തീയതിക്കുമുമ്പ് പ്രാബല്യത്തിലുണ്ടായിരുന്ന ഓർഡിനൻസിലെ

വ്യവസ്ഥ പ്രകാരം അംഗത്വമെടുത്തിട്ടുള്ളവരാണ്. പ്രസ്തുത ആക്റ്റിന് മുൻകാലപ്രാബല്യം നൽകിയിട്ടുള്ളതിനാൽ, പ്രസ്തുത അംഗങ്ങൾ, മറ്റ് തരത്തിൽ യോഗ്യരാണെങ്കിലും, ആക്റ്റിലെ 3-ാം വകുപ്പ് (4)-ാം ഉപവകുപ്പ് (ബി) ഖണ്ഡപ്രകാരം, പ്രസ്തുത ആക്റ്റ് പ്രാബല്യത്തിൽ വന്നതായി കരുതപ്പെടുന്ന 2005 ആഗസ്റ്റ് 24-ാം തീയതിക്കുശേഷം 5 വർഷം സംഘത്തിൽ പാലളക്കുകയും 60 വയസ്സ് പൂർത്തിയാക്കുകയും ചെയ്തെങ്കിൽ മാത്രമേ പെൻഷന് അർഹരാകുകയുള്ളൂ. പ്രസ്തുത അംഗങ്ങൾക്ക്, 500 ലിറ്റർ പാൽ പ്രതിവർഷം അളക്കണമെന്ന നിബന്ധനയോടുകൂടി മുമ്പുണ്ടായിരുന്ന വ്യവസ്ഥകൾക്കനുസരിച്ച് പെൻഷൻ നൽകാൻ ആക്റ്റിലെ വ്യവസ്ഥകളിൽ വ്യക്തത വരുത്തേണ്ടതുണ്ട്. ഇതിനായി ആക്റ്റിലെ 3-ാം വകുപ്പ് (4)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൽ ഭേദഗതി വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇതുമായി ബന്ധപ്പെട്ട 3-ാം വകുപ്പ് (4)-ാം ഉപവകുപ്പ് (എ) ഖണ്ഡത്തിൽ ഉൾക്കൊള്ളിച്ചിരുന്ന "(നിലവിൽ ക്ഷേമനിധിയിൽ അംഗമായി പെൻഷനോ മറ്റാനുകൂല്യങ്ങളോ ലഭിച്ചു കൊണ്ടിരിക്കുന്നവർക്ക് ഈ വ്യവസ്ഥ ബാധകമല്ല)" എന്നത് ഒഴിവാക്കാനും സർക്കാർ ഉദ്ദേശിക്കുന്നു. കൂടാതെ നിലവിലുള്ള 3-ാം വകുപ്പ് (4)-ാം ഉപവകുപ്പ് (എ) ഖണ്ഡത്തിലെ വ്യവസ്ഥ പ്രകാരം 10 വർഷമെങ്കിലും സംഘത്തിൽ പാലളന്നാൽ മാത്രമേ, ശാരീരിക അവശതമൂലം കന്നുകാലിവളർത്തലിൽ ഏർപ്പെടാൻ കഴിയാതാകുന്ന ക്ഷീരകർഷകന് പെൻഷൻ നൽകാൻ കഴിയുകയുള്ളൂ. മറ്റ് ക്ഷീരകർഷകരെപ്പോലെ ഈ വ്യവസ്ഥയ്ക്കു കീഴിൽ വരുന്ന ക്ഷീരകർഷകർക്കും അവർ പാലളക്കേണ്ടുന്ന തോതും കാലയളവും പ്രതിവർഷം 500 ലിറ്റർ വീതം 5 വർഷം എന്ന രീതിയിൽ, ഭേദഗതി വരുത്തേണ്ടതുണ്ട്.

2. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഗ്രാന്റ്, വായ്പ എന്നിവയ്ക്കു പുറമേ മറ്റ് സ്ഥാപനങ്ങളിൽനിന്നും ലഭിക്കാവുന്ന വിഹിതം കൂടി സ്വീകരിച്ച് ക്ഷേമനിധിയിലേക്കുള്ള വരുമാനം വർദ്ധിപ്പിച്ചാൽ മാത്രമേ കൂടുതൽ ക്ഷേമപ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ കഴിയുകയുള്ളൂ. അതിനാൽ ഇത് സംബന്ധിച്ച നിലവിലുള്ള വ്യവസ്ഥകൾക്ക് ആവശ്യമായ ഭേദഗതി വരുത്താനും ഉദ്ദേശിക്കുന്നു.

3. ക്ഷേമനിധിയിൽ അംഗമായ ഒരാൾ ആനുകൂല്യം ലഭിക്കേണ്ടുന്ന കുറഞ്ഞ കാലയളവിനുള്ളിൽ മരണമടയുന്നപക്ഷം അദ്ദേഹത്തിന്റെ അനന്തരാവകാശികളായ അംഗങ്ങൾക്ക് പെൻഷൻ നൽകുന്നതിന് മരണമടഞ്ഞ അംഗം സംഘത്തിൽ പാൽ അളന്നിരുന്ന കാലയളവ് കൂടി കണക്കിലെടുക്കേണ്ടതാണെന്നും, ഇത് സംബന്ധിച്ച്, ഇപ്പോൾ 4-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിലുള്ള വിശദീകരണത്തിനുപകരം 3-ാം വകുപ്പ് (7)-ാം ഉപവകുപ്പായി വ്യവസ്ഥ ഉൾപ്പെടുത്താനും സർക്കാർ ഉദ്ദേശിക്കുന്നു.

4. ക്ഷീരകർഷകൻ, ക്ഷീരസംഘങ്ങൾ, മേഖലാ യൂണിയനുകൾ, മിൽമ എന്നിവരിൽ നിന്നും നിശ്ചിത നിരക്കിൽ ലഭിക്കുന്ന അംശദായമാണ് ക്ഷീരക്ഷേമനിധിയുടെ സ്രോതസ്സ്. ഇപ്രകാരമുള്ള അംശദായം ഒടുക്കുന്നതിൽ ബന്ധപ്പെട്ടവർ കുടിശ്ശിക വരുത്തിയാൽ അത് ഈടാക്കാൻ നിലവിലുള്ള നിയമവ്യവസ്ഥ പര്യാപ്തമല്ല. ബന്ധപ്പെട്ടവരിൽ നിന്നും കുടിശ്ശിക ഈടാക്കാൻ ഫലപ്രദമായ വ്യവസ്ഥ നിയമത്തിൽ ഉൾക്കൊള്ളിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു.

5. കേരള ക്ഷീരകർഷക ക്ഷേമനിധി നിയമം നടപ്പിലാക്കുമ്പോൾ വിഭാവന ചെയ്തിരിക്കുന്നതുപോലെ തികച്ചും അർഹരായ ക്ഷീരകർഷകർക്ക് പെൻഷൻ ഉറപ്പു

വരുത്തുന്നതിനും, നിലവിലുള്ള നിയമത്തിലെ ചില വ്യവസ്ഥകൾക്ക് കൂടുതൽ വ്യക്തത നൽകുന്നതിനും 2007-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്താൻ ഉദ്ദേശിച്ചുള്ളതാണ് ഈ ഭേദഗതി ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

സി. ദിവാകരൻ

# 2007-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ആക്റ്റ് (2007-ലെ 7)-ൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

3. ക്ഷീരകർഷക ക്ഷേമനിധി പദ്ധതി.—(1) ** **

(2) നിധിയിൽ താഴെ പറയുന്നവ വരവു വയ്ക്കേണ്ടതാണ്,—

(i) ** ** **

(ii) ** ** **

(iii) കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ ഏതെങ്കിലും സ്ഥാപനങ്ങളോ മുഖേന ലഭിക്കുന്ന ഗ്രാന്റോ വായ്പകളോ മുൻകൂറുകളോ ;

** ** ** **

(4) നിധി താഴെ ചേർത്തിരിക്കുംപ്രകാരം എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്, അതായത്:—

(എ) ക്ഷേമനിധിയിൽ അംഗമായ ക്ഷീരകർഷകൻ പത്തു വർഷമെങ്കിലും പ്രാഥമിക ക്ഷീര സഹകരണ സംഘത്തിൽ പാൽ അളക്കുകയും ശാരീരികമായ അവശതമൂലം തുടർന്ന് കന്നുകാലി വളർത്തലിൽ ഏർപ്പെടാൻ കഴിയാതാവുകയോ ചെയ്താൽ ആ ആൾക്ക് പെൻഷൻ നൽകുന്നതിന് (നിലവിൽ ക്ഷേമനിധിയിൽ അംഗമായി പെൻഷനോ മറ്റ് ആനുകൂല്യങ്ങളോ ലഭിച്ചുകൊണ്ടിരിക്കുന്നവർക്ക് ഈ വ്യവസ്ഥ ബാധകമല്ല) ;

(ബി) ക്ഷേമനിധിയിൽ അംഗമായി അഞ്ചുവർഷം സംഘത്തിൽ പാൽ അളക്കുകയും അറുപത് വയസ്സ് പൂർത്തിയാവുകയും ചെയ്തയാൾക്ക് പെൻഷൻ നൽകുന്നതിന്:

എന്നാൽ, സംഘത്തിൽ അംഗമല്ല എങ്കിലും തുടർച്ചയായി പാൽ അളക്കുകയും അംശദായം അടയ്ക്കുകയും ചെയ്തുവരുന്ന കർഷകനും പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്;

** ** ** **

(6) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി (1)-ാം ഉപവകുപ്പ് പ്രകാരം ആവിഷ്കരിക്കുന്ന പദ്ധതിയിൽ (4)-ാം ഉപവകുപ്പിലും പട്ടികയിലും പറഞ്ഞിട്ടുള്ള കാര്യങ്ങൾക്ക് വ്യവസ്ഥ ചെയ്യാവുന്നതാണ്.

** ** ** **

4. നിധിയിലെ അംഗത്വം.—(1) പതിനെട്ട് വയസ്സ് പൂർത്തിയായ ഏതൊരു ക്ഷീരകർഷകനും ഈ ആക്റ്റിലെയും പദ്ധതിയിലെയും വ്യവസ്ഥ പ്രകാരം നിധിയിലെ അംഗമായി രജിസ്റ്റർ ചെയ്യുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

വിശദീകരണം.—ഏതെങ്കിലും ഒരംഗം ആനുകൂല്യം ലഭിക്കേണ്ട കുറഞ്ഞ കാലയളവിനുള്ളിൽ മരണപ്പെടുന്ന സംഗതിയിൽ ആ അംഗത്തിന്റെ അനന്തരാവകാശിയായ ഒരാൾ തുടർന്നും പാൽ അളക്കുന്ന സംഗതിയിൽ അംഗമായി തുടരുന്നതായി കണക്കാക്കേണ്ടതാണ്.

** ** ** **

11. ഉദ്യോഗസ്ഥന്മാരുടെയും ജീവനക്കാരുടെയും നിയമനം.—(1) ** **

(3) (4)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, (1)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ചീഫ് എക്സിക്യൂട്ടീവ് ആഫീസറുടെയും, മറ്റ് ഉദ്യോഗസ്ഥന്മാരുടെയും, ജീവനക്കാരുടെയും നിയമന രീതിയും, ശമ്പളവും, അലവൻസുകളും മറ്റ് സേവന വ്യവസ്ഥകളും ഗവൺമെന്റിന്റെ അംഗീകാരത്തോടെ ബോർഡ് നിശ്ചയിക്കേണ്ടതാണ്.

** ** ** **

13. അംശദായം പിരിച്ചെടുക്കൽ.—(1) ** ** **

(2) തുക അടയ്ക്കേണ്ടതായ തീയതിക്കോ അതിനുമുമ്പോ, അംശദായം അടച്ചില്ലെങ്കിൽ (1)-ാം ഉപവകുപ്പിൽ പറയുന്ന ചുമതലപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും പലിശ സഹിതം വസൂലാക്കാൻ ബോർഡിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

** ** ** **